35910

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള ധനസഹായം അർഹതയുള്ള കുടുംബവാർഷിക വരുമാന പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(എം.എസ്.) നം. 63/2015/സാനീവ തിരുവനന്തപുരം, തീയതി, 29.09.2015

പരാമർശം : സ.ഉ (എം.എസ്) 66/10/സാക്ഷേവ തീയതി 9.09.2010 നം ഉത്തരവ്

## ഉത്തരവ്

പരാമർശത്തിലെ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരായ ദമ്പതിമാർക്ക് മിശ്രവിവാഹധനസഹായം ലഭിക്കുന്നതിനുള്ള കുടുംബവാർഷിക വരുമാന പരിധി 8000/- രൂപയിൽ നിന്ന് 22,000/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത ധനസഹായത്തിന്റെ അർഹതയുള്ള കുടുംബവാർഷിക വരുമാന പരിധി കാലോചിതമായി പരിഷ്കരിക്കുവാൻ സർക്കാർ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് അനുവദിക്കുന്ന ധനസഹായത്തിന്റെ അർഹതയുള്ള വരുമാനപരിധി 22,000/- രൂപയിൽ നിന്നും 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം)യായി ഉയർത്തി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എം. ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 47901/ഡബ്ല്യുഡബ്ല്യു 2/15/ധന പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിഭാഗം , വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ